©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2021 ജൂൺ 17<br>17th June 2021<br>1196 മിഥുനം 3<br>3rd Mithunam 1196<br>1943 ജ്യേഷ്ഠം 27<br>27th Jyaishta 1943 | നമ്പർ<br>No. | **1800** |



### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എച്ച്) വകുപ്പ്

വിജ്ഞാപനം

നമ്പർ 9723/ലെഗ്.എച്ച്1/2020/നിയമം.

*തിരുവനന്തപുരം, 2021 ജൂൺ 17*
*1196 മിഥുനം 3*
*1943 ജ്യേഷ്ഠം 27.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസാക്കിയ പ്രകാരമുള്ള ബില്ലിന് 2021 ജൂൺ 16-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 4-ാം ആക്റ്റ്
## 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റ്

സാംക്രമിക രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും സംബന്ധിച്ച നിയമങ്ങളെ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള

ഒരു

ആക്റ്റ്

<u>പീഠിക</u>.—സാംക്രമിക രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും സംബന്ധിച്ച നിയമങ്ങൾ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റ് എന്ന് പേര് പറയാം.

(2) 8-ാം വകുപ്പ് 2020 ജൂലൈ 4-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2020 മാർച്ച് 27-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) “സാംക്രമിക രോഗം” എന്നാൽ സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്താൽ, സാംക്രമിക രോഗം എന്ന് പ്രഖ്യാപിച്ച ഏതൊരു രോഗവും എന്നർത്ഥമാകുന്നു;

(ബി) “ സർക്കാർ ”എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാലോ റഗുലേഷനുകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "റഗുലേഷൻ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട റഗുലേഷൻ എന്നർത്ഥമാകുന്നു;

(ഇ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. സാംക്രമിക രോഗം വിജ്ഞാപനം ചെയ്യുന്നതിനുള്ള സർക്കാരിന്റെ അധികാരം.—സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, സംസ്ഥാനത്താകമാനമോ അല്ലെങ്കിൽ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അത്തരം ഭാഗത്തേക്കോ ഭാഗങ്ങളിലേക്കോ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഏതൊരു രോഗത്തെയും സാംക്രമിക രോഗമായി വിജ്ഞാപനം ചെയ്യാവുന്നതാണ്.

4. സാംക്രമിക രോഗവുമായി ബന്ധപ്പെട്ട് പ്രത്യേക നടപടികൾ എടുക്കുന്നതിനും റഗുലേഷനുകൾ വിനിർദ്ദേശിക്കുന്നതിനുമുള്ള അധികാരം.—(1) സർക്കാരിന്, സംസ്ഥാനത്തോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഏതെങ്കിലും സാംക്രമിക രോഗം പിടിപെട്ടെന്നോ അല്ലെങ്കിൽ പൊട്ടിപ്പുറപ്പെടുമെന്ന് ഭീഷണിയുള്ളതായോ, എപ്പോൾ ബോദ്ധ്യപ്പെട്ടാലും, ആ ആവശ്യത്തിലേക്ക് അനിവാര്യമായി അത് കരുതുന്ന അത്തരത്തിലുള്ള നടപടികൾ സർക്കാരിന് എടുക്കാവുന്നതും ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി അത്തരം രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് തടയുന്നതിന് അല്ലെങ്കിൽ അതിന്റെ വ്യാപനം തടയുന്നതിനായി പൊതുജനങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും ആൾ അല്ലെങ്കിൽ ആളുകളുടെ വിഭാഗം പാലിക്കേണ്ടതായ അപ്രകാരമുള്ള താൽക്കാലിക റെഗുലേഷനുകളോ ഉത്തരവുകളോ വിനിർദ്ദേശിക്കാവുന്നതും അത്തരം റെഗുലേഷനുകളിലും ഉത്തരവുകളിലും വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയോ അവരെ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതുമാണ്.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, സർക്കാരിന്,—

(എ) സംസ്ഥാനത്തിനകത്ത് ഏതെങ്കിലും ഒത്തുകൂടലിലോ, ആഘോഷങ്ങളിലോ, ആരാധനകളിലോ അത്തരം മറ്റ് പ്രവൃത്തികളിലോ, ആളുകളിൽ നിന്ന് ആളുകളിലേക്ക് സാംക്രമിക രോഗം പകരുന്നതിനോ വ്യാപിക്കുന്നതിനോ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്ന ഏതൊരു ആചാരമോ പ്രവർത്തിയോ നിരോധിക്കുക;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) വ്യോമ, റെയിൽ, റോഡ്, കടൽ വഴിയോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ സംസ്ഥാനത്ത് എത്തിച്ചേരുന്ന ആളുകളേയോ അത്തരത്തിലുള്ള ഏതെങ്കിലും രോഗം ബാധിച്ചതായി സംശയിച്ച്, അതതുസംഗതിപോലെ, ക്വാറന്റീനിലോ ഒറ്റപ്പെട്ടോ ആശുപത്രിയിലോ താൽക്കാലിക താമസസ്ഥലത്തോ വീട്ടിലോ മറ്റുവിധത്തിലോ ഉള്ള ആളുകളേയോ, റെഗുലേഷനുകളിലോ ഉത്തരവുകളിലോ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരാൽ പരിശോധിക്കുക;

(സി) ആവശ്യമെന്ന് കരുതുന്നിടത്തോളം കാലത്തേക്ക് സംസ്ഥാന അതിർത്തികൾ അടയ്ക്കുക;

(ഡി) പൊതു-സ്വകാര്യ ഗതാഗത പ്രവർത്തനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക;

(ഇ) സാമൂഹിക അകലം പാലിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കുക;

(എഫ്) പൊതു സ്ഥലങ്ങളിലും മതസ്ഥാപനങ്ങളിലും ആളുകൾ കൂട്ടം കൂടുന്നത് നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യുക;

(ജി) സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ ഓഫീസുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ക്രമീകരിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുക;

(എച്ച്) കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും ഫാക്ടറികളുടെയും വർക്ക് ഷോപ്പുകളുടെയും സംഭരണശാലകളുടെയും പ്രവർത്തനങ്ങളിൽ നിരോധനമോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തുക;

(ഐ) ബാങ്കുകൾ, മാധ്യമം, ആരോഗ്യസംരക്ഷണം, ഭക്ഷ്യവിതരണം, വൈദ്യുതി, വെള്ളം, ഇന്ധനം തുടങ്ങിയ അവശ്യമോ അടിയന്തിരമോ ആയ സേവനങ്ങളുടെ സമയദൈർഘ്യം പരിമിതപ്പെടുത്തുക;

(ജെ) സാംക്രമിക രോഗം നിയന്ത്രിക്കുന്നതിനും തടയുന്നതിനും ആവശ്യ മായേക്കാവുന്ന, സർക്കാർ തീരുമാനിക്കുന്ന അങ്ങനെയുള്ള മറ്റ് ഏർപ്പാടുകൾ ചെയ്യുക, എന്നിവയ്ക്കായി നടപടികളെടുക്കാവുന്നതും റെഗുലേഷനുകൾ വിനിർദ്ദേശിക്കാവുന്നതുമാണ്.

5. ശിക്ഷ.—റഗുലേഷനുകളോ ഉത്തരവുകളോ പാലിക്കാൻ ബാദ്ധ്യസ്ഥരായ ഏതൊരു വ്യക്തി/സ്ഥാപനം/കമ്പനി ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും റഗുലേഷനോ ഉത്തരവോ ലംഘിക്കുകയോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുസരിക്കാതിരിക്കുകയോ ഈ ആക്റ്റിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനെ തടസ്സപ്പെടുത്തുകയോ ചെയ്താൽ കുറ്റസ്ഥാപനത്തിന്മേൽ രണ്ട് വർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനോ പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്.

6. കുറ്റങ്ങൾക്ക് പ്രേരണ നൽകൽ.—ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതൊരാളും, ആ പ്രേരണയെത്തുടർന്ന് പ്രേരിപ്പിക്കപ്പെട്ട പ്രവൃത്തി ചെയ്യുന്നപക്ഷം രണ്ട് വർഷം വരെയാകാവുന്ന തടവിനോ അല്ലെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്.

7. ഈ ആക്റ്റിനു കീഴിലുള്ള കുറ്റം കൊഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതും ആയിരിക്കുമെന്ന്.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തു തന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻ കീഴിലുള്ള എല്ലാ കുറ്റങ്ങളും കൊഗ്നൈസബിളും ജാമ്യം അനുവദിക്കത്തക്കതും ആയിരിക്കുന്നതാണ്.

8. കുറ്റങ്ങൾ രാജിയാക്കൽ.—(1) സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം വഴി ഇതിലേയ്ക്കായി വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥരാലും അപ്രകാരമുള്ള തുകയ്ക്കും, ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ, കുറ്റാരോപിതന്റെ അപേക്ഷയിന്മേൽ പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനു മുമ്പോ, പ്രോസിക്യൂഷൻ ആരംഭിച്ചതിനു ശേഷം ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടു കൂടിയോ, രാജിയാക്കാവുന്നതാണ്.

(2) ഒരു കുറ്റം രാജിയായാൽ രാജിയായ കുറ്റവുമായി ബന്ധപ്പെട്ട് ആ കുറ്റക്കാരനെതിരെ വീണ്ടും നടപടികൾ തുടരാൻ പാടില്ലാത്തതും കുറ്റക്കാരൻ കസ്റ്റഡിയിൽ ആണെങ്കിൽ അയാളെയും വാഹനങ്ങൾ എതെങ്കിലും പിടിച്ചെടുത്തിരിക്കുകയാണെങ്കിൽ അവയെയും വിടുതൽ ചെയ്യേണ്ടതുമാണ്.

9. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

10. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്കു സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ ആർക്കെതിരെയും നിലനിൽക്കുന്നതല്ല.

11. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവിനാൽ, ആ വൈഷമ്യം നീക്കുന്നതിന്, ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷം അവസാനിച്ചതിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

12. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി, പിൽക്കാല പ്രാബല്യത്തോടെയോ മുൻകാല പ്രാബല്യത്തോടെയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും റെഗുലേഷനും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിലോ റെഗുലേഷനിലോ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ ആ ചട്ടം അല്ലെങ്കിൽ റെഗുലേഷൻ/ചട്ടവും റെഗുലേഷനും ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടമോ റെഗുലേഷനോ, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടം/റെഗുലേഷൻ പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

13. റദ്ദാക്കലും ഒഴിവാക്കലും.—(1) സാംക്രമിക രോഗങ്ങൾ ആക്റ്റ് (1072 M.E-ലെ I-ാം ആക്റ്റ്, കൊച്ചി ആക്റ്റ്), 1073-ലെ സാംക്രമിക രോഗങ്ങൾ ആക്റ്റ് (1073 M.E-ലെ II-ാം ആക്റ്റ്, തിരുവിതാംകൂർ ആക്റ്റ്), 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ഓർഡിനൻസ് (2021-ലെ 22) എന്നിവ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും സാംക്രമിക രോഗങ്ങൾ ആക്റ്റ് (1072 M.E-ലെ I-ാം ആക്റ്റ്, കൊച്ചി ആക്റ്റ്), 1073-ലെ സാംക്രമിക രോഗങ്ങൾ ആക്റ്റ് (1073 M.E-ലെ II-ാം ആക്റ്റ്, തിരുവിതാംകൂർ ആക്റ്റ്), 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ഓർഡിനൻസ് (2021-ലെ 22) എന്നിവയ്ക്ക് കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ എന്തെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ എന്തെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-H) Department**

NOTIFICATION

No. 9723/Leg. H1/2020/Law. *Dated, Thiruvananthapuram, 17th June, 2021*
*3rd Mithunam, 1196*
*27th Jyaishta, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Epidemic Diseases Act, 2021 (4 of 2021).

By order of the Governor,

V. HARI NAIR
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2021-ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റ്” published under the authority of the Governor.]

# ACT 4 OF 2021

# THE KERALA EPIDEMIC DISEASES ACT, 2021

*AN*

*ACT*

*to unify and consolidate the laws relating to the regulation and prevention of epidemic diseases and for matters connected therewith or incidental thereto.*

*Preamble*.—WHEREAS, it is expedient to unify and consolidate the laws relating to the regulation and prevention of epidemic diseases and for matters connected therewith or incidental thereto;

BE it enacted in the Seventy-second year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Epidemic Diseases Act, 2021.

(2) Section 8 shall be deemed to have come into force on the 4th day of July, 2020 and remaining sections shall be deemed to have come into force on 27th day of March, 2020.

2. *Definitions*.— In this Act unless the context otherwise requires,—

(a) “Epidemic Disease” means any disease declared as epidemic disease by notification published in the official gazette, by the Government;

(b) “Government” means the Government of Kerala;

(c) “prescribed” means prescribed by rules or regulations made under this Act;

(d) “regulation” means the regulations made under this Act;

(e) “State” means the State of Kerala.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. *Power of Government to notify epidemic disease.*—Government may, by notification in the official gazette, notify any disease as epidemic disease, for the purposes of this Act, either throughout the State or in such part or parts thereof as may be specified in the notification.

4. *Power to take special measures and specify Regulations as to epidemic disease.*—(1) When at any time the Government is satisfied that the State or any part thereof is visited by or threatened with an outbreak of any epidemic disease, the Government may take such measures, as it deems necessary for the purpose, by notification in the official gazette specify such temporary regulations or orders to be observed by the public or by any person or class of persons so as to prevent the outbreak of such disease or the spread thereof and require or empower District Collectors to exercise such powers and duties as may be specified in the said regulations or orders.

(2) In particular and without prejudice to the generality of the foregoing provisions, the Government may take measures and specify regulations,—

(a) to prohibit any usage or act which the Government considers sufficient to spread or transmit epidemic diseases from person to person in any gathering, celebration, worship or other such activities within the State;

(b) to inspect the persons arriving in the State by air, rail, road, sea or any other means or in quarantine or in isolation, as the case may be, in hospital, temporary accommodation, home or otherwise of persons suspected of being infected with any such disease by the officers authorized in the regulations, or orders;

(c) to seal State borders for such period as may be deemed necessary;

(d) to impose restrictions on the operation of public and private transport;

(e) to prescribe social distancing norms;

(f) to restrict or prohibit congregation of persons in public places and religious institutions;

(g) to regulate or restrict the functioning of Government and private offices and educational institutions in the State;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(h) to impose prohibition or restrictions on the functioning of shops and commercial establishments, factories, workshops and godowns;

(i) to restrict duration of services in essential or emergency services such as banks, media, healthcare, food supply, electricity, water, fuel etc.; and

(j) such other measures as may be necessary for the regulation and prevention of epidemic diseases, as decided by the Government.

5. *Penalty*.—Any person/institution/company who is bound by regulations or orders contravenes or disobey any such regulation or order made under this Act or obstruct any officer empowered under this Act, shall on conviction be punishable with imprisonment for a term which may extend to two years or with fine which may extend to ten thousand rupees or with both.

6. *Abetment of offences*.—Whoever abets any offence under this Act and if the act abetted is committed in consequence of the abetment, shall be punishable with imprisonment for a term which may extend to two years or with fine which may extend to ten thousand rupees or with both.

7. *Offence under this Act to be cognizable and bailable*.—Notwithstanding anything contained in the Code of Criminal Procedure, 1973 (Central Act 2 of 1974) all offences under this Act shall be cognizable and bailable.

8. *Composition of offences.*—(1) Offences punishable under this Act may be compounded on the application of the accused either before the institution of prosecution or with permission of the court concerned after the institution of prosecution, by such officers and for such amount, as the Government may by notification published in the Official Gazette, specify in this behalf.

(2) Where an offence has been compounded, no further proceedings shall be continued against the offender in respect of the offence compounded and the offender if in custody and the vehicles if any seized shall be released.

9. *Act not in derogation of any other law*.— The provisions of this Act shall be in addition to and not in derogation of the provisions of any other law for the time being in force.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

10. *Protection of action taken in good faith*.— No suit, prosecution or other legal proceedings shall lie against any person for anything which is done in good faith or intended to be done by or under this Act.

11. *Power to remove difficulties*.— If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Gazette, make provisions not inconsistent with the provisions of this Act which appear to it to be necessary or expedient, for removing the difficulty:

Provided that no such order shall be made after the expiry of a period of two years from the date of commencement of this Act.

12. *Power to make rules*.—(1) The Government may, by notification in the Gazette, make rules either prospectively or retrospectively for the purpose of carrying into effect the provisions of this Act.

(2) Every rules and regulations made under this Act shall be laid, as soon as may be after it is made, before the Legislative Assembly, while it is in session for a total period of fourteen days which may be comprised in one session or in two successive sessions and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or regulations or decides that the rule and/or regulation should not be made, the rule or regulation shall, thereafter, have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that rule or regulation.

13. *Repeal and saving*.— (1) The Epidemic Diseases Act, (I of 1072 M.E., Cochin Act), the Epidemic Diseases Act, 1073 (II of 1073 M.E., Travancore Act) and the Kerala Epidemic Diseases Ordinance, 2021 (Ordinance No.22 of 2021) are hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the Epidemic Diseases Act, (I of 1072 M.E., Cochin Act), the Epidemic Diseases Act, 1073 (II of 1073 M.E., Travancore Act) and the Kerala Epidemic Diseases Ordinance, 2021 (Ordinance No. 22 of 2021) shall be deemed to have been done or taken under this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/